## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1136** **02/05/2017-ൽ മറുപടിയ്ക്ക്**

## അഗ്രോ ബസാറുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. പി.കെ. ശശി<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. എൻ. വിജയൻ പിള്ള | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് അഗ്രോ ബസാറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു കീഴിൽ കൊല്ലം പത്തനംതിട്ട എറണാകുളം തൃശ്ശൂർ കണ്ണൂർ ആലപ്പുഴ വയനാട് ഇടുക്കി എന്നീ ജില്ലകളിൽ അഗ്രോ ബസാറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) അഗ്രോബസാറുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) കർഷകർക്ക് ആവശ്യമുള്ള വിത്ത് മുതൽ കാർഷിക ഉത്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ വരെ 'ഒരു കുടക്കീഴിൽ' ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അഗ്രോ ബസാറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. കർഷകർക്കും കൃഷിയെ ആശ്രയിക്കുന്നവർക്കും ഉൾപ്പെടെയുള്ളവർക്ക് ആവശ്യമുള്ള കാർഷിക യന്ത്രങ്ങൾ, വളം, നടീൽ വസ്തുക്കൾ, ഇറിഗേഷൻ ഉപകരണങ്ങൾ എന്നിവയും അഗ്രോബസാറുകളിൽ ലഭ്യമാണ്. |

(contd...............)

**സി)** ഗുണമേന്മയുള്ള നടീൽവസ്തുക്കളും വിത്തുകളും വിവിധ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും അഗ്രോ ബസാറുകൾ വഴി ന്യായമായ വിലയ്ക്ക് വിറ്റഴിയ്ക്കാൻ അവസരമുണ്ടോ;

**സി)** കേരള സർക്കാരിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ, കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഗുണമേന്മയുള്ള വിത്തുകളും ന്യായമായ വിലയിൽ അഗ്രോ ബസാറുകളിൽ കൂടി വിൽക്കപ്പെടുന്നു.

**ഡി)** അഗ്രോബസാറുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഡി)** അഗ്രോ ബസാറുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി തൃശ്ശൂരിൽ കൃഷി വകുപ്പിന്റെ കെട്ടിടത്തിൽ ഒരു അഗ്രോ സൂപ്പർ ബസാർ നിർമ്മാണഘട്ടത്തിലാണ്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കോഴിക്കോട്, തിരുവനന്തപുരം തുടങ്ങിയ മെട്രോസിറ്റികളിലും കൂടി അഗ്രോബസാറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ